അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ശാസ്താംകോട്ട തടാകത്തിന്റെയും അഷ്ടമുടിക്കായലിന്റെയും ശാസ്ത്രീയ വിനിയോഗത്തിനും സംരക്ഷണത്തിനുംവേണ്ടി കേരള സർക്കാർ സമർപ്പിച്ച ആക്ഷൻ പ്ലാൻ കേന്ദ്ര പരിസ്ഥിതി മന്ത്രാലയം അംഗീകരിക്കുകയും 2002-03-ൽ പദ്ധതിയുടെ നടത്തിപ്പിനായി യഥാക്രമം 12.12 ലക്ഷവും 33.33 ലക്ഷവും രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനായി കൊല്ലം ജില്ലാ കളക്ടർ ചെയർമാനായി ഒരു കർമ്മ സമിതി രൂപീകരിച്ചിട്ടുണ്ട്.

(സി) പമ്പാ ആക്ഷൻ പ്ലാനിന് ആദ്യഘട്ടമായി 18.45 കോടി രൂപ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. ശാസ്താംകോട്ട തടാകത്തിലെയും അഷ്ടമുടിക്കായലിലെയും പദ്ധതികളുടെ നടത്തിപ്പിനായി 2002-03 സാമ്പത്തിക വർഷത്തിൽ യഥാക്രമം 12.12 ലക്ഷവും 33.33 ലക്ഷവും രൂപ അനുവദിച്ചിട്ടുണ്ട്.

(ഡി) കേരളത്തിലെ ഏതാണ്ട് എല്ലാ നദികളും കായലുകളും ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ പരിസ്ഥിതി പ്രശ്നങ്ങളെ നേരിടുന്നുണ്ട്. ഇവയിൽ കോളിഫോം ബാക്ടീരിയായുടെ അളവ് കൂടുതലായി കണ്ടുവരുന്നു.

നദികളിലെയും കായലുകളിലെയും വെള്ളം മലിനമാകുന്നത് സംബന്ധിച്ച്

32 [1718] ശ്രീ. ടി. എൻ. പ്രതാപൻ:
„ എഴുകോൺ നാരായണൻ:
„ ജോർജ്ജ് ജെ. മാത്യു:
„ പി. ജെ. ജോയി:
„ സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതെല്ലാം നദികളിലെയും കായലുകളിലെയും വെള്ളം പരിസ്ഥിതി മലിനീകരണംമൂലമോ മറ്റു വിധത്തിലോ മലിനമായിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഇവയിലെ വെള്ളം മാലിന്യ വിമുക്തമാക്കുവാൻ എന്തെങ്കിലും പദ്ധതിയുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതികളുടെ ഇപ്പോഴത്തെ അവസ്ഥയെന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഈ നദികളിലെയും കായലുകളിലെയും വെള്ളം മാലിന്യ വിമുക്തമാക്കുന്നതിനുള്ള പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ എല്ലാ പ്രധാനപ്പെട്ട നദികളിലും ജലാശയങ്ങളിലും മോണിറ്ററിംഗ് സ്റ്റേഷനുകൾ ഏർപ്പെടുത്തി സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് നടത്തി വരുന്ന ജലഗുണനിലവാര പഠനത്തിൽ എല്ലാ നദികളിലും ജലാശയങ്ങളിലും സീവേജ് നിമിത്തമുള്ള കോളിഫോം ബാക്ടീരിയയുടെ അളവ് കൂടുതലാണെന്ന് കണ്ടെത്തിയിട്ടുണ്ട്. കൂടാതെ പെരിയാറിന്റെ താഴ്ഭാഗത്ത് വേനൽ കാലത്ത് നീരൊഴുക്ക് കുറവായതിനാലും ഉപ്പ് വെള്ളം കയറുന്നത് തടയാൻ ബണ്ട് കെട്ടുന്നതിനാലും വ്യാവസായിക മാലിന്യങ്ങൾ അവിടുത്തെ ജലഗുണനിലവാരത്തെ ഇടയ്ക്ക് ബാധിച്ചിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

തിരുവനന്തപുരം സീവേജ് സ്കീമിൽ പമ്പിംഗ് തടസ്സപ്പെടുന്ന സമയത്ത് ഓവർ ഫ്ളോ ചെയ്ത് മലിന ജലം പാർവ്വതിപുത്തനാറിലും കിള്ളിയാറിലും ഒഴുകി യെത്തി ജലം മലിനമാകാറുണ്ട്.

(ബി ആന്റ് സി) സംസ്ഥാനത്തെ പ്രധാനപ്പെട്ട പത്ത് നദികളായ കരമനയാറ്, കല്ലടയാറ്, അച്ചൻകോവിലാറ്, പമ്പ, മൂവാറ്റുപുഴ, പെരിയാർ, ചാലക്കുടിപ്പുഴ, ഭാരതപ്പുഴ, ചാലിയാർ, വളപട്ടണം എന്നിവ മാലിന്യ വിമുക്തമാക്കുന്നതിനുവേണ്ടി 2567 കോടി രൂപ മതിപ്പുചെലവുള്ള കർമ്മ പദ്ധതികളുടെ പ്രൊപ്പോസൽ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് തയ്യാറാക്കി 1997-ൽ കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് മുഖേന കേന്ദ്ര സർക്കാരിലെ പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിക്കുകയുണ്ടായി. അതിൽ പമ്പാ ആക്ഷൻ പ്ലാനിന് കേന്ദ്ര സർക്കാർ തത്വത്തിൽ അംഗീകാരം നൽകുകയും 319.70 കോടി രൂപ മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്ന പമ്പാ ആക്ഷൻ പ്ലാൻ തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

പ്രസ്തുത പദ്ധതിയിലെ ആദ്യ ഘട്ടം നടപ്പിലാക്കുന്നതിനായി 18.45 കോടി രൂപയുടെ 12 പ്രവർത്തികൾക്ക് കേന്ദ്ര സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇവ നടപ്പിലാക്കുന്നതിനായി തിരുവിതാംകൂർ ദേവസ്വം ബോർഡുമായി സഹകരിച്ച് കേരള വാട്ടർ അതോറിറ്റി നടപടികൾ സ്വീകരിച്ചുവരുന്നു.

വേമ്പനാട്ടു കായലിന്റെ സംരക്ഷണത്തിനുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കാനുള്ള പ്രാഥമിക നടപടികൾ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡും കോഴിക്കോട്ടെ സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആന്റ് മാനേജുമെന്റും സ്വീകരിച്ചുവരുന്നു. ഇതിനുള്ള റിപ്പോർട്ട് തയ്യാറാക്കാനുള്ള സാമ്പത്തിക സഹായം കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നും ആവശ്യപ്പെടാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ശാസ്താംകോട്ട കായലിന്റെ സംരക്ഷണത്തിനായി കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ കൊല്ലം ജില്ലാ കളക്ടർ ചെയർമാനായി രൂപീകരിച്ച കമ്മിറ്റി "മാനേജ്മെന്റ് ആക്ഷൻ ഫോർ അഷ്ടമുടി ആന്റ് ശാസ്താംകോട്ട വെറ്റ് ലാൻഡ്" എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.